# Desabhimani
# 23 July 2018
# Idukki, Water Level

## ഇടുക്കിയിൽ ജലനിരപ്പ് 80 ശതമാനത്തിലേക്ക്



**ഇടുക്കി**

ഇടുക്കി സംഭരണിയിലെ ജലനിരപ്പ് 80 ശതമാനത്തിലേക്ക്. ഞായറാഴ്ച 2384.66 അടി ഉയർന്ന് 79.2 ശതമാനമായി. കഴിഞ്ഞ വർഷത്തേക്കാൾ 66 അടിയുടെ വർധന. 2318 അടിയായിരുന്നു 2017 ജൂലൈ 22 ന് ഡാമിലെ ജലനിരപ്പ്. പദ്ധതി മേഖലയിൽ മഴ കുറഞ്ഞു. 18.4 മി. മീറ്റർ മഴയാണ് കഴിഞ്ഞ ദിവസം പെയ്തത്. ഇടുക്കിയിൽ ജലനിരപ്പ് ഉയർന്ന് തുടങ്ങിയതോടെ അയ്യപ്പൻകോവിൽ മേഖലയിൽ വെള്ളം കയറി. മൂലമറ്റത്ത് വൈദ്യുതോൽപാദനം ഉയർന്ന തോതിലാണ്. 8.367 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഞായറാഴ്ചത്തെ ഉൽപാദനം. അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നുതന്നെ നിൽക്കുന്നതിനാൽ കഴിഞ്ഞ ദിവസം ഡാം സേഫ്ടി ഉദ്യോഗസ്ഥർ അവലോകന യോഗം ചേർന്നിരുന്നു. സ്ഥിതിഗതികൾ കൂടുതൽ വിലയിരുത്താൻ 26 ന് വീണ്ടും യോഗം ചേരും.